For Private Circulation Only June 2021

# ആശമദൂതൻ

HOLY BIBLE

Vol.68 “ ഞാൻ സകല മനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു” (1തിമൊ. 2:7) No.6

## ആത്മാക്കളെ നേടുന്നവരും അവരുടെ പ്രാർത്ഥനയും

By Samuel L Brengle (1860 - 1936)

“ നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു ” (യാക്കോ. 5:16).

എല്ലാം ആത്മാക്കളെ നേടുന്നവരും വളരെ ശക്തരായ പ്രാർത്ഥനാ വീരന്മാരാകയാൽ വളരെ വലിയ ദൈവിക പ്രവർത്തികൾ ഓരോ സമയങ്ങളിലും വിവിധ ഇടങ്ങളിലും കണ്ടുവരുന്നു.  യേശു തന്റെ ശുശ്രൂഷ തുടങ്ങുന്നതിനു മുമ്പ്, വലിയ ജനകൂട്ടം തന്നെ അനുഗമിക്കുന്നതിനു മുമ്പ് 40 ദിവസത്തോളം ഉപവാസത്തോടെ പ്രാർത്ഥിച്ചും കൊണ്ടിരുന്നു.

പൗലൊസ് ഇടവിടാതെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. രാത്രിയും പകലുമുള്ള വ്യത്യാസം കൂടാതെയുള്ള തന്റെ മദ്ധ്യസ്ഥത വഹിച്ചുള്ള പ്രാർത്ഥന ദൈവസന്നിധിയിലേക്കു എത്തി (അ.പ്ര.16:25, ഫിലി. 1:3-11; , കൊലൊ. 1:3, 9-11).

പെന്തെക്കോസ്തു ദിവസത്തിലെ പരിശുദ്ധാത്മാവിന്റെ വരവും തുടർന്നുള്ള മൂവായരിത്തോളം ജനത്തിന്റെ മാനസാന്തരത്തിന്റെയെല്ലാം മുമ്പെ പത്തു ദിവസത്തെ പ്രാർത്ഥന ഉണ്ടായിരുന്നു. വീണ്ടും അവർ പ്രാർത്ഥനയിൽ തുടർ ന്നുകൊണ്ടിരിക്കുന്നു. അടുത്ത ഒരു ദിവസം അയ്യായരിത്തോളം ഉള്ള ജനകൂട്ടം മാനസാന്തരപ്പെടുവാൻ, പുരോഹിതന്മാരിലും വലിയ ഒരു കൂട്ടം വിശ്വാസത്തിനും അധീനരായിത്തീർന്നു (അപ്പോ. 2:4 -6; 4:4; 6:4-7).

ലൂഥർ പതിവായിട്ടു മൂന്നു മണിക്കൂറുകൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അങ്ങനെ കാരാഗൃഹത്തിന്റെയും അന്ധകാര കോട്ടകളെയും തകർത്ത് ദൈവപ്രവൃത്തി കാണുവാൻ കർത്താവ് സഹായിച്ചു.

ജോൺ നോക്സ് പതിവായിട്ട് രാത്രികളിൽ ഇരുന്ന് കരഞ്ഞു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ദൈവത്തോട് സ്കോട്ടലാൻഡ് എനിക്ക് തരിക അല്ല എങ്കിൽ ഞാൻ മരിക്കട്ടെ! സ്കോട്ട്ലൻഡിനെ ദൈവം തനിക്ക് കൊടുത്തു.

മിസ്റ്റർ വെസ്ലി വീണ്ടും വീണ്ടും തന്റെ പത്രകുറിപ്പിൽ ജീവനുള്ള / അപ്പോസ്തല പ്രവർത്തികളിലെ അപ്പോസ്തലന്മാരുടെ പ്രവർത്തനത്തിനു തുല്യമായിട്ടുള്ള രീതിയിൽ പ്രാർത്ഥനകളും പ്രവർത്തനങ്ങളും നടത്തിയതുകൊണ്ട് ചിന്തകൾക്കു പ്രതീക്ഷകൾക്കു അപ്പുറമായിട്ടുള്ള ഒരു വലിയ ദൈവ പ്രവർത്തി സംഭവിക്കുകയും അനേകർ മാനസാന്തരത്തിലേക്കു നയിക്കപ്പെടുകയും ഇംഗ്ലണ്ടിലെ ജനത്തിന്റെ ജാതീയത്വം അവസാനിക്കുകയും അങ്ങനെ മുഴുലോകത്തിലും സുവിശേഷത്തിന്റെ വെളിച്ചം പ്രകാശിക്കുകയും ചെയ്തു.

ജോനാഥാൻ എഡ്വേർഡ് പ്രസംഗിക്കുന്നതിനു മുമ്പെ രാത്രിയിൽ താനും കൂട്ടുകാരും ഇരുന്ന് ശക്തമായിട്ടു പ്രാർത്ഥിക്കുകയും തൽഫലമായിട്ടു ഒരു വലിയ ഉണർവ്വ് ന്യൂ സ്കോട്ട് ലൻഡിൽ ഉണ്ടാകുകയും ചെയ്തു.

ചെറുപ്പക്കാരനായ ലിവിംങ്സ്റ്റൺ, സ്കോട്ട് ലൻഡിലെ ഒരു വലിയ സഭയിൽ പ്രസംഗിക്കുവാൻ തനിക്ക് നിയോഗം ലഭിച്ചു. തന്റെ ശാരീരിക ക്ഷീണം ശ്രദ്ധിക്കാതെ ഒരു രാത്രി പ്രാർത്ഥനയിൽ ചെലവിടുകയും അടുത്ത ദിവസം പ്രസംഗത്തിൽ 500- ഓളം ജനങ്ങൾ രക്ഷിക്കപ്പെട്ട് സഭയോട് ചേർന്നു. ദൈവത്തിനു മഹത്വം, അല്ലയോ കർത്താവേ, ചില പ്രാർത്ഥനാ വീരന്മാരെ എഴുന്നേല്പിക്കുക.

മിസറ്റർ ഫിന്നി പതിവായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കർത്താവിന്റെ വലിയ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ആ സമൂഹം മുഴുവൻ സ്വാധീനിക്കപ്പെടുവാനും ദൈവമക്കളായി തീരുവാനും യാതൊരു എതിർപ്പുകളും പിന്നീട് വരാതിരിക്കുവാൻ വേണ്ടിയും പ്രാർത്ഥിച്ചു. അവിടെ ദൈവം വലിയവ ചെയ്തു.

പക്ഷെ, ആരും ചിന്തിക്കുന്നതുപോൽ ഇത് അത്ര നിസ്സാരമല്ല. ഇതു വളരെ ബുദ്ധിമുട്ട് ഏറിയതും വലിയ വേദനയിൽ കൂടി കടന്നു പോകേണ്ടതുമാണ്. എന്നാൽ യേശുവിനോടു കൂടിയുള്ള ഒരു വലിയ കൂട്ടായ്മയുടെയും സന്തോഷത്തിന്റെ ദൈവീക അനുഭവത്തിന്റെയും അവസ്ഥയാണ്. യേശു എങ്ങനെയാണ് പ്രാർത്ഥിച്ചത്.

റവ. വില്യം ബ്രാവെൽ പോകുന്ന സ്ഥലങ്ങളിലെല്ലാം നൂറുകണക്കിന് ആളുകൾ രക്ഷിക്കപ്പെടുന്നതു വിശുദ്ധീകരിക്കപ്പെടുന്നതും - ദിവസവും 6 മണിക്കൂറുകൾ പ്രാർത്ഥനയ്ക്കായിട്ട് ഒരുക്കിയിരുന്നു. അവൻ പ്രാർത്ഥനയ്ക്കു വലിയ പ്രാധാന്യം കൊടുത്തിരുന്നു. അവൻ പ്രാർത്ഥിക്കുമ്പോൾ വരൾച്ചയുടെ അനുഭവങ്ങൾ കാണുമെങ്കിലും തുടർമാനമ്യുള്ള പ്രാർത്ഥനയുടെ ഫലത്താൽ കർത്താവ് തനിക്കായിട്ട് സ്വർഗ്ഗം തുറക്കുന്നതു പിന്നീട് വലിയ അനുഗ്രഹത്തിന്റെ പ്രതലങ്ങളാക്കി മാറ്റുകയും ചെയ്തിരുന്നു. അങ്ങനെ അവന്റെ പ്രസംഗത്തിൽ ജനങ്ങളുടെ ശാപങ്ങൾ മാറുകയും വരൾച്ചകൾ മാറുകയും അനുഗ്രഹങ്ങൾ അവർക്ക് ലഭിക്കുകയും രക്ഷിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു.

റവ.ജോൺ സ്മിത്ത് ഇദ്ദേഹത്തിന്റെ ജീവിതത്തെകുറിച്ച് ഒരിക്കൽ വില്യം ബൂത്ത് എന്നോട് പറഞ്ഞത് - ദീർഘസമയങ്ങൾ പ്രാർത്ഥിക്കുന്നവനായിരുന്നുവെന്ന് ബ്രാവൊലിനെപ്പോൽ. ആരംഭ സമയത്തു വലിയ കഠിനമായിരിക്കാം പക്ഷേ കൂടുതൽ സമയം കഴിയുന്തോറും പ്രാർത്ഥനയിൽ പിന്നീട് അവസാനിക്കുവാൻ ബുദ്ധിമുട്ട് ആയിത്തീരുന്നു. അവൻ

(ശേഷം 8-ാംപേജിൽ)

# ചൈന, ഇറാൻ, ഇൻഡ്യ – ദൈവ പ്രവർത്തിയുടെ റിപ്പോർട്ട്

തുടർച്ച

ഞങ്ങൾ കാണുന്നു കർത്താവ് ഞങ്ങളുടെ സഭയിലും ഇൻഡ്യയിലും പ്രവർത്തിക്കുന്നതായിട്ട്. 2014-ൽ ഒരു മുതിർന്ന പാസ്റ്ററിനെ ക്ഷണിച്ചപ്പോൾ സഭയിൽ കേവലം 30 പേരാണ് ഉണ്ടായിരുന്നത്. ഞങ്ങൾ ഞങ്ങളുടെ ജനത്തെ പഠിപ്പിക്കുവാൻ തുടങ്ങി എങ്ങനെ പ്രാർത്ഥിക്കണം, എങ്ങനെ നിങ്ങളുടെ സാക്ഷ്യം മറ്റുള്ളവരോട് പറയണം. എങ്ങനെ രോഗികൾക്കു വേണ്ടി പ്രാർത്ഥിക്കണം. ഇതൊക്കെയും എങ്ങനെ ചെയ്യണമെന്ന് അവരെ പഠിപ്പിക്കുകയും അവരെ ശിഷ്യത്വത്തെക്കുറിച്ച് അഭ്യസിപ്പിക്കുകയും ചെയ്തു. ഞങ്ങൾ കാണാൻ തുടങ്ങി ദൈവം വ്യക്തമായിട്ടു പ്രവർത്തിക്കുന്നത്. അന്ന് മുതൽ സ്ഫോടനാത്മകമായ നിലയിൽ സഭ വളരുവാൻ തുടങ്ങി. ഇന്ന് ഞങ്ങളുടെ സഭയിൽ 1000 -ത്തോളം ദൈവമക്കൾ ആരാധിക്കുവാൻ വരുന്നു. കുറെ ദിവസങ്ങൾക്ക് മുമ്പ് ഞാൻ എന്റെ ഒരു സുഹൃത്തിനോട് സംസാരിച്ചു. അവൻ പറയുകയാണ് പഞ്ചാബ് ദക്ഷിണ കൊറിയയെപ്പോൾ വളർന്നു കൊണ്ടിരിക്കുന്നുവെന്ന്. വളരെ വേഗം ഒരു സമൂഹം കർത്താവിന്റെ സാക്ഷികളായി തീരും. ഞാൻ ചിന്തിക്കുകയാണ് വടക്കേ ഇൻഡ്യ കർത്താവിനുവേണ്ടി വാതിൽ തുറന്നിരിക്കുകയാണെന്ന്.

അതേ സമയം എന്റെ സഹോദരങ്ങൾ പറഞ്ഞതു പോൽ പീഢനം തുടർന്നുകൊണ്ടിരിക്കുന്നു. ക്രിസ്ത്യാനിത്വത്തിന് എതിരാണ് ഞങ്ങളുടെ ഗവൺമെന്റ്. നിയമങ്ങൾ പരിവർത്തനത്തിന് എതിരായി കൊണ്ടു വന്നിരിക്കുന്നു. എല്ലാ തരത്തിലുമുള്ള എതിർപ്പുകൾ തടസ്സങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. ഇതിന്റെ മദ്ധ്യത്തിൽ കർത്താവ് സഭയെ വളർത്തുന്നു. കൂടുതൽ ആൾക്കാർ സഭയിലേക്ക് വരുന്നവർ മറ്റു മത വിശ്വാസത്തിൽ ഉണ്ടായിരുന്നവരാണ്. അതുകൊണ്ട് അവരുടെ ഭവനക്കാരും സമൂഹവും ഒറ്റപ്പെടുത്തുന്നു. ഞാൻ ക്രിസ്ത്യാനി ആയപ്പോൾ എന്റെ പിതാവ് എന്നെ ഭവനത്തിൽ നിന്നു പുറത്താക്കി. അദ്ദേഹം ചിന്തിച്ചു ഭവനത്തിനു ഞാൻ അപമാനം വരുത്തിയെന്നു.

ഞാൻ ചിന്തിക്കുന്നത് പീഢനം ഉണർവ്വിന്റെ വിത്താണെന്ന്. ഞാൻ ഇതാണ് കഴിഞ്ഞ കാഘട്ടങ്ങളിൽ കണ്ടത്. സഭയ്ക്കു പീഡനം വന്നപ്പോൾ അത്ഭുതകരമായ നിലയിൽ സഭയെ ദൈവം വളർത്തി. കുറച്ച് വർഷങ്ങൾക്കു മുമ്പ് ഞങ്ങളുടെ സഭ ഒക്കെയും ഒറ്റപ്പെട്ടതു ഒരു ബിൽഡിംഗിൽ ആരാധന നടത്തിയിരുന്നതു മാത്രമാണ്. കഴിഞ്ഞ കുറെ വർഷങ്ങളിൽ ഒരു വലിയ വ്യത്യാസം വരികയും സഭ ശക്തമായി വളരുവാൻ തുടങ്ങി. ചെറിയ കൂട്ടങ്ങൾ ഉണ്ടാകുകയും അവർ യേശുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. ഈ രീതിയിൽ തന്നെ മുമ്പോട്ടു പോകട്ടെ എന്ന് ചിന്തിക്കുന്നു. കർത്താവ് ആശ്ചര്യകരമായ വിധത്തിൽ പ്രവർത്തിക്കുന്നതാണ് ഞങ്ങൾ കാണുന്നത്. ഭാവിയെ ഓർത്തു ഞാൻ സന്തോഷിക്കുന്നു. ഇതാണ് കൊയ്ത്തിന്റെ സമയമെന്ന് ചിന്തിക്കുന്നു. മദ്ധ്യ പൂർവ്വ ഏഷ്യൻ മേഖലകളുടെ കാലഘട്ടം ഇതാണ്. ചൈനയുടെ

(ശേഷം 6-ാംപേജിൽ)

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

“ നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു ; മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല. വിളക്കു കത്തിച്ചു പറയിൻകീഴല്ല തണ്ടിന്മേലത്രെ വെക്കുന്നതു; അപ്പോൾ അതു വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു. അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ ” (മത്താ. 5:14–16)

2021 -ാം വർഷത്തിന്റെ മെയ് മാസം നമ്മെ വിട്ട് കടന്നുപോയി. ജൂൺ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

നിങ്ങളുടെ ജീവിതത്തിൽ ധാരാളം നന്മകളും അനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. കർത്താവിന്റെ വരവ് ഏറ്റവും ആസന്നമായിരിക്കുന്നു. അതുകൊണ്ട് ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ. കർത്താവ് നമ്മെ കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല. നമ്മുടെ രാജ്യത്തിനു വേണ്ടിയും നമ്മുടെ അയൽക്കാർക്കു വേണ്ടിയും നമുക്ക് ശക്തമായിട്ട് പ്രാർത്ഥിക്കാം. ഈ കോവിഡ് – 19 മഹാമാരിയിൽ നിന്ന് കർത്താവ് നമ്മെ രക്ഷിക്കും. അതുകൊണ്ട് വിശുദ്ധിയിലും വേർപാടിലും നമുക്ക് ജീവിക്കാം.

ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല. ഉപേക്ഷിക്കയുമില്ല. ആകാശവും ഭൂമിയും മാറിപ്പോകും. പക്ഷേ എന്റെ വാഗ്ദാനം മാറുകയില്ല. ഞാൻ നിന്നെ താങ്ങും. ഞാൻ നിന്നെ എന്റെ കൈകളിൽ വരിച്ചിരിക്കുന്നു.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം


# ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം – 695032
Mob:8589901702
**E-mail:bindhum1971@yahoo.in**

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# അസാധാരണമായ ഏകീകൃത പ്രാർത്ഥന

By Bill Elliff

തുടർച്ച

അപ്പോൾ എന്താണ് നമ്മൾ ചെയ്യുന്നത്? നമുക്ക് രക്ഷാ കവചം ഉണ്ട്. അവിടുത്തെ ശക്തിയാൽ നിറയപ്പെട്ടിരിക്കുന്നു. എന്നാൽ എന്താണ് ഇവിടെ സംഭവിച്ചിരിക്കുന്നത്? ഇവിടെ വളരെ പ്രധാനപ്പെട്ട ഭാഗത്തിലേയ്ക്കു വന്നിിക്കുകയാണ്. ആത്മാവിലുള്ള പ്രാർത്ഥന അത്യന്താപേക്ഷിതമാണ്. “ സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചുംകൊണ്ടു സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരതകാണിപ്പിൻ ” (വാക്യം 18).

എനിക്കും അറിയാം ഇവിടെ പറയുന്ന കാര്യങ്ങൽ സകലവും/ എല്ലാം എന്ന പൗലൊസിന്റെ സൂചനകൾ നിങ്ങൾക്ക് നഷ്ടപ്പെട്ടില്ലായെന്ന്. സകല പ്രാർത്ഥനയാലും ആരാധനയാലും, പ്രാർത്ഥനയിൽ പശ്ചാത്താപം, പ്രാർത്ഥിക്കുമ്പോൾ, കരുതലിന്റെ തീർച്ച പ്രാർത്ഥനയിൽ ദൈവരാജ്യത്തിനായുള്ള പ്രാർത്ഥന. കർത്താവായ യേശുക്രിസ്തു പ്രാർത്ഥനയിൽ ഇതെല്ലാം ചേർത്തു ഇണക്കിയിരിക്കുന്നു. പൗലൊസും പറയുന്നത് എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടതെന്ന് നിങ്ങൾ നല്ലവണ്ണം പഠിച്ചിരിക്കണം.

പൗലൊസ് പറയുകയാണ് “ “ ഏതു നേരത്തും ആത്മാവിൽ അതു തന്നെയാണ് ഇടവിടാതെ പ്രാർത്ഥിപ്പിൻ ” (1 തെസ്സ. 5:17). സഹോദരങ്ങളെ നമുക്ക് കഴിയുമോ? നിങ്ങൾ ചിന്തിക്കുന്നുവോ ഇത് സാദ്ധ്യമാണെന്ന്. എന്റെ അടുത്ത സുഹൃത്ത് മാൻലെബീസ്‌ലെ കർത്താവിന്റെ രാജ്യത്തിലേയ്ക്കു പോയി. എനിക്കു ചെറുപ്പക്കാരായ അനേകം പാസ്റ്റർന്മാർക്കു അവൻ ഒരു നല്ല പരിചയ സമ്പന്നരും വിശ്വസ്തരുമായ ഉപദേഷ്ടാവായിരുന്നു. കഴിഞ്ഞ 20 വർഷങ്ങളിൽ അവർക്കു ഭയാനകമായ മൂന്ന് രോഗങ്ങൾ പിടിപെട്ടു. പലപ്പോഴും മരണത്തോടു അവൻ അടുത്തു. അവന്റെ ഒരു സുഹൃത്ത് അദ്ദേഹത്തോടു പറഞ്ഞത് ഇങ്ങനെയാണ് താങ്കളെപ്പോലുള്ള ഒരുവനോടു അവസാനം പറയുന്ന വിടവാങ്ങൽ വാചകം പറയുവാൻ സാദ്ധ്യമല്ലായെന്നാണ്.

ഒരു ദിവസം അവൻ ആശുപത്രിയിൽ മരണത്തെ മുഖാമുഖം കണ്ടപ്പോൾ സ്വർഗ്ഗത്തിലെ കർത്താവിന്റെ അത്യന്ത സാന്നിദ്ധ്യം ആ മുറി മുഴുവനും തന്നിലും നിറഞ്ഞു നിന്നു. അവൻ യാദൃശ്ചികമായിട്ട് നോക്കിയപ്പോൾ ഒരു സ്ത്രീ വാതിൽ പടിയിൽ നില്ക്കുന്നതു കണ്ടു. അവൾ എന്നോടു ചോദിച്ചു, നീ ആണോ മാൻലെബീസ്‌ല? അവൻ മറുപടി പറഞ്ഞു, അതെ. അവൾ പറഞ്ഞു ഞാൻ കോരി ടെൻബൂം. കോരി എന്റെ കിടക്കയുടെ സമീപത്തേക്കു വന്നിട്ടു എനിക്ക് ഒരിക്കലും മറക്കാനാവാത്ത നിലയിലുള്ള ഒരു സംഭാഷണത്തിൽ ഏർപ്പെടും. കോരി ദൈവത്തോടു സംസാരിക്കും. എന്നിട്ടു എന്നോട് സംസാരിക്കും. അവൾ വീണ്ടും ദൈവത്തോടു സംസാരിച്ചിട്ടു പറയും, ശരി കർത്താവേ, ഞാൻ അവനോടു സംസാരിക്കാം. അവൾ എന്നോടു സംസാരിക്കും. വീണ്ടു കർത്താവിനോടു സംസാരിക്കും. പെട്ടെന്ന് ഞാൻ കർത്താവിനോടു സംസാരിക്കുവാനും കോരിയോടും സംസാരിക്കുവാനും തുടങ്ങി. അങ്ങനെ ഒരിക്കലും മറക്കാനാവാത്ത 45 മിനിട്ട് സംഭാഷണത്തിൽ വലിയ ദൈവീക സാന്നിദ്ധ്യത്താൽ ഞാൻ നിറയപ്പെട്ടു.

എന്താണ് അവിടെ സംഭവിച്ചത്? നിങ്ങൾ കാണുന്നതു പോലെ യഥാർത്ഥ പ്രാർത്ഥന എന്നാൽ അതു ആത്മാവിലുള്ളതാണ്, കോരി വാസ്തവത്തിൽ സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും ഇടയിലുള്ള ആ വിടവ് നികത്തുകയാണ് ചെയ്തത്. അവൾ ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ തന്നെയും സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ഇമ്പകരമായ ശബ്ദം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. യഥാർത്ഥ പ്രാർത്ഥന എന്നാൽ കർത്താവ് എന്താണ് പറയുന്നത്. അത് കണ്ടെത്തുകയെന്നുള്ളതാണ് ഭൂമിയിലേക്കു കൊണ്ടുവരിക എന്നതാണ്. അവിടുത്തെ രാജ്യം വരേണമേ! അവിടുത്തെ ഇഷ്ടം സ്വർഗ്ഗത്തിലെ പോൽ ഭൂമിയിലും

(ശേഷം 4-ാംപേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| **അംഗീകരിക്കുക** | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| **പശ്ചാത്തപിക്കുക** | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| **ഏറ്റുപറയുക** | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| **ഉപേക്ഷിക്കുക** | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| **ശുദ്ധീകരിപ്പെടുക** | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| **വിശ്വസിക്കുക** | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| **സമർപ്പിക്കുക** | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| **പ്രാപിച്ചെടുക്കുക** | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |
| **സ്നാനം ഏൽക്കുക** | *വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)* |

(3-ാംപേജിന്റെ തുടർച്ച)

**അസാധരണമായ ഏകീകൃത പ്രാർത്ഥന**

ആകേണമേ. നാം എല്ലായ്പ്പോഴും ദിവസം മുഴുവൻ, ഇടവിടാതെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പ്രാർത്ഥനയിൽ നിങ്ങൾ അനുഭവിക്കുവാനുള്ള നന്മകൾ എത്രയോ വലുതാണ്. അതുകൊണ്ട് പ്രാർത്ഥനയിൽ ശക്തിപ്പെടണം (വെളി. 5:8, 8: 38).

സകല വിശുദ്ധന്മാർക്കും വേണ്ടി - പ്രാർത്ഥിപ്പിൻ - നിങ്ങളുടെ കുട്ടികൾ, നിങ്ങളുടെ സഭ, നിങ്ങളുടെ പാസ്റ്റർമാർ നിങ്ങളുടെ ലീഡേഴ്സിനുവേണ്ടി, നിങ്ങളുടെ ശുശ്രൂഷകൾക്കുവേണ്ടി - സകല വിശുദ്ധന്മാർക്ക് ഇതിന്റെ അർത്ഥം നാം വ്യക്തമായിട്ടും നിരന്തരമായിട്ടും പ്രാർത്ഥിക്കണം. അതിനു തുല്യമായിട്ടു വേറെ ഒന്നും തന്നെയില്ല. പ്രാർത്ഥന ഒരിക്കലും നിന്റെ ജീവിതത്തിന്റെയും മിനിസ്ട്രിയിൽ നിന്നും ഒഴിവാക്കരുത്. എല്ലാ ഉറവുകളുടെയും അടിസ്ഥാനം പ്രാർത്ഥന ആയിരിക്കേണം.

**നിരന്തരമായുള്ള ദൗത്യം**

അവസാനമായിട്ട് എന്തുകൊണ്ടാണ് ഈ പ്രാർത്ഥന വളരെ പ്രധാനപ്പെട്ടതായിട്ട് മാറുന്നത്? നമുക്ക് പിൻമാറാത്ത ശത്രു/ എതിരാളി ഉണ്ട്, അതിന്റെ അർത്ഥം നിർത്താതെയുള്ള ഒരു പോരാട്ടം നമുക്ക് ഉണ്ടെന്നുള്ളതാണ്. കാരണം നമുക്ക് ഒരു വലിയ ദൗത്യം / ചുമതലപ്പെടുത്തിയ കർത്തവ്യം ഉണ്ട്. ഈ ദൗത്യ നിർവ്വഹണത്തിൽ നിന്നു നമുക്ക് ഒരിക്കലും പിന്മാറി പോകുവാൻ സാദ്ധ്യമല്ല. ഈ ഖണ്ഡികയുടെ അവസാനം ഭാഗം ശ്രദ്ധിക്കാതെ പോകരുത്. പൗലൊസ് പറയുന്നു. “ഞാൻ ചങ്ങല ധരിച്ചു സ്ഥാനാപതിയായി സേവിക്കുന്ന സുവിശേഷത്തിന്റെ മർമ്മം പ്രാഗത്ഭ്യത്തോടെ അറിയിപ്പാൻ എന്റെ വായ് തുറക്കുമ്പോൾ എനിക്കു വചനം നല്കേണ്ടതിനും ഞാൻ സംസാരിക്കേണ്ടും വണ്ണം അതിൽ പ്രാഗൽഭ്യത്തോടെ സംസാരിക്കേണ്ടതിനു പ്രാർത്ഥിപ്പിൻ” (വാക്യം 19,20).

പൗലൊസ് ജീവിച്ചത് ക്രിസ്തു തന്നിൽ മഹത്വപ്പെടേണ്ടതിനും ക്രിസ്തുവിന്റെ വചനത്തിന്റെ വ്യാപനത്തിനുവേണ്ടിയാണ്. പൗലൊസ് പറയുന്നത് വചന പ്രഘോഷണത്തിനു തന്റെ വായ് തുറക്കുമ്പോൾ സ്വർഗ്ഗത്തിലെ കർത്താവിന്റെ വചനം നേരിട്ട് താൻ സ്വീകരിച്ചിട്ട് അത് സ്വീകരിക്കുന്നവരുടെ ഉള്ളിൽ ജീവജലമായിട്ട് മാറുന്നതിനുവേണ്ടിയാണ്.

വാസ്തവത്തിൽ കോടിക്കണക്കിനു ജനങ്ങൾ ക്രിസ്തു ഇല്ലാതെ ജീവിക്കുന്നു. നമുക്ക് മാത്രമേ ഈ ജനത്തെ നരകത്തിൽ നിന്നു സ്വർഗ്ഗത്തിലേക്കു മരണത്തിൽ നിന്നു ജീവിതത്തിലേയ്ക്ക് നയിക്കുവാനുള്ള ദൂത് ഉള്ളവർ. നാം ഈ ദൂത് ജനത്തോട് പറയണം. ദൈവം ഇവരെ രക്ഷിക്കുവാൻ ശക്തനാണ്.

ഞാൻ ധൈര്യത്തോടെ ഒരു കാര്യ പറയട്ടെ. നിങ്ങളുടെ ചുറ്റുപാടുകളിൽ എന്തുകൊണ്ട് ജനങ്ങൾ രക്ഷിക്കപ്പെടുന്നില്ല. നിങ്ങൾ വായ് തുറന്ന് ജനത്തോടു സംസാരിക്കുന്നില്ല. നിങ്ങൾക്ക് അറിയാമോ നമ്മുടെ സഭകളിൽ കൂടി എന്തുകൊണ്ടാണ് ജനം രക്ഷിക്കപ്പെടാതെ പോകുന്നതെന്ന്? നമ്മുടെ വായ് തുറന്നു രക്ഷയുടെ സുവിശേഷം പറയുന്നില്ല. യേശുക്രിസ്തു നമ്മോടു വാഗ്ദത്തം ചെയ്തിരിക്കുകയാണ്. നമ്മൾ കർത്താവിന്റെ വചനം ജനത്തോടു പറയുവാൻ വായ് തുറക്കുമെങ്കിൽ അവിടുന്ന് അവിടുത്തെ അത്ഭുതകരമാ.യ മാനവരാശിയുടെ വീണ്ടെടുപ്പിനായുള്ള അതുല്യമായ സ്നേഹത്തിൽ നിറയ്ക്കാമെന്ന്.

**പ്രാർത്ഥനയും ദൗത്യ നിർവ്വഹണവും**

ഞങ്ങളുടെ മിഷൻ പ്രവർത്തനത്തിൽ ജോൺ പൈപറിന്റെ പ്രാർത്ഥന എന്നെ വളരെ സ്വാധീനിച്ചു. അവൻ പറയുകയാണ്. ഒരു പ്രധാന കാരണം പ്രാർത്ഥന. വിശ്വാസികൾ ദുർവിനിയോഗിക്കപ്പെടുന്നത് അവരുടെ അനാവശ്യ സംസാരവും നടപ്പുമാണ്. ജീവിതം ഒരു യുദ്ധമാണെന്ന് മനസ്സിലാക്കാത്തടത്തോളം കാലം എന്താണ് പ്രാർത്ഥനയെന്നു തിരിച്ചറിയുവാൻ സാധ്യമല്ല. പ്രാർത്ഥന എന്നാൽ സാഹചര്യങ്ങൾ നമുക്ക് അനുകൂലമാക്കി തീർക്കുകയാണ് നമ്മുടെ യുദ്ധസേവനത്തിൽ കൂടി പോർക്കളത്തിൽ. നമ്മുടെ ഫീൽഡ് കമാഡറായ (യേശുക്രിസ്തു) ഒരു കൂട്ടം പട്ടാളക്കാർ / യോദ്ധാക്കളായ നമുക്ക് വളരെ നിർണ്ണായകമായ ദൗത്യം (മിഷൻ) നല്കിയിട്ട് (പോകുക, ഫലം കായ്ക്കുക) ഓരോരുത്തർക്കു ഓരോ ആശയവിനിമയ ഉപകരണം കോഡുസഹിതം നല്കിയിട്ട് ജനറിലിന്റെ ഹെഡ്കോട്ടേഴ്സിൽ നിന്നുള്ള ആശയവിനിമയം നടത്തുന്നു. ജനറലിന് ഒരു വലിയ ദൗത്യം നിങ്ങളിൽ കൂടി നടത്തുവാനുണ്ട്. അവനു അതു നിങ്ങൾ ചെയ്തു തീർത്തുവെന്നു ഉറപ്പ് വരുത്തുന്നത് കാണണം. അവസാനം നിങ്ങൾക്ക് ഓരോ ഉപകരണം ആശയവിനിമയത്തിനുള്ളത് തന്നിരിക്കുകയാണ്. അവനോട് വ്യക്തിപരമായി ആശയം വിനിമയം നടത്തുവാൻ. താങ്കൾ അവിടുന്നുള്ള ദൗത്യ നിർവ്വഹണത്തിൽ വിശ്വസ്തതയോടു നിലനിൽക്കുന്നുവെങ്കിൽ, അവിടുത്തെ വിജയം കാണുവാൻ വേണ്ടി, അവിടുന്ന് തീർച്ചയായിട്ടു വളരെ നിങ്ങളോടു അടുത്ത് ചേന്ന് നിന്ന് ആശയവിനിമയത്തനുള്ള ഒരു ഉപകരണം പ്രവർത്തിക്കുന്നതുപോലെ അവിടുന്ന് നിങ്ങളോടു സംവാദിക്കും. അവിടുന്ന് വളരെ നിർണ്ണായകമായ ഉപദേശം / ആലോചനകൾ നല്കി കൊണ്ടിരിക്കുന്നു നിങ്ങൾക്കു കൂടെ ദൗത്യ നിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും.

എന്നാൽ ദശലക്ഷക്കണക്കിനുള്ള ക്രിസ്ത്യാനികൾ എന്താണ് ചെയ്തു കൊണ്ടിരിക്കുന്നത്? അവർ യുദ്ധക്കളത്തിലാണ് നില്ക്കുന്നതെന്ന് വിശ്വസിക്കുന്നില്ല. യാതൊരു ജാഗ്രതകളും കൂടാതെ വ്യക്തമായ ........... ഇല്ലാതെ തീർച്ചയില്ലാതെ, കാഴ്ചപാടുകൾ നഷ്ടപ്പെട്ടവരായി തീർന്നിരിക്കുകയാണ്. ഇവർക്ക് സന്തോഷകരമായിട്ട് ധനം സമ്പാദിച്ച് ജീവിച്ച് തീർക്കണം അത്രയുമല്ല, അവർ വെറുതെ സംസാരിച്ചു നടന്നിട്ടു എന്താണ് പ്രയോജനനുള്ളത്. അവർ അനാവശ്യകാര്യങ്ങളിൽ വ്യാപൃതരായിട്ട് കൂടുതൽ സുഖലോപങ്ങളിൽ മദിച്ച്, ജീവിതം ആസ്വദിച്ച് ശത്രുവിനോട് പോരാടാനുള്ള കൃപ ദൈവത്തിതൽ നിന്ന് പ്രാപിക്കാതെ ഉല്ലാസഭരിതരായി കാറുകളിലും, വീടുകളിലും ബോട്ടുകളിലുമായിട്ടു ജീവിതം ആസ്വദിച്ച് കൂടുതൽ സുഖത്തിനുവേണ്ടി വേലക്കാരത്തിയോടു കുറെകൂടെ തലയണ കൊണ്ടുവരാൻ ആജ്ഞാപിച്ച് നരകത്തന്റെ വാതിലിലേയ്ക്ക് നയിക്കപ്പെടന്നു.

**ക്രമീകരണം ഉണ്ടാക്കുക**

ഞാൻ ഒരു ക്രമീകരണം ഉണ്ടാക്കണമെന്നു നിങ്ങളോടു പറയുകയാണ്. ക്രമീകരണം ഇതാണ്, കർത്താവേ, അവിടുത്തെ രാജ്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ പ്രകാശത്തിൽ മനുഷ്യരായ കുട്ടികൾ, വിദ്യാർത്ഥികൾ, മാതാക്കന്മാർ, പിതാക്കന്മാർ, വിവാഹി

( (ശേഷം 8-ാം പേജിൽ )

# അർദ്ധരാത്രിക്കു ശേഷമുള്ള ജനനം

By A.W. Tozer (1897 - 1963)

ഉണർവ്വിന്റെ വക്താക്കളായ ദൈവജനം ഇങ്ങനെ പറയുന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട് ഉണർവ്വ് സംഭവിക്കുന്നത് അർദ്ധ രാത്രിക്കു ശേഷമാണെന്ന്. ഇത് ഒരു പഴഞ്ചൊല്ലായിട്ട് അക്ഷരാർത്ഥത്തിൽ ശരിയാകുന്നില്ലെങ്കിലും വലിയ സത്യം ഇതിനുണ്ട്.

ഉണർവ്വിനുവേണ്ടിയുള്ള നമ്മുടെ പ്രാർത്ഥന കർത്താവ് പകൽ സമയങ്ങളിൽ ശ്രവിക്കുന്നില്ല എന്ന് ചിന്തിച്ചാൽ അതു ഒരു അബദ്ധ ധാരണയാണ്. ചിലർ ചിന്തിക്കുന്നതുപ്പോൽ ക്ഷീണിതാവസ്ഥയിൽ നമ്മൾ പ്രാർത്ഥിച്ചത് വലിയ ഉന്മേഷം കർത്താവു തരും. അത്രയും പറ്റുകയില്ല. നമ്മുടെ ബലത്തിന്റെ സമയത്ത് ദൈവം തന്ന അവിടുത്തെ കൃപ, ഇതു ശരിയായ ധാരണയല്ല.

മദ്ധ്യസ്ഥതയിൽ കൂടി ദൈവസന്നിധിയിൽ കടന്നു വന്ന് നമ്മുടെ ബലഹീനതകൾക്ക് പ്രായശ്ചിത്തം ചെയ്തു വരുമ്പോൾ കർത്താവിനു പ്രയാസമുള്ള പ്രാർത്ഥനയായിട്ടു മാറുന്നത്.

എന്നിരുന്നാലും ഉണർവ്വുകൾ ജനിക്കുന്നത് അർദ്ധരാത്രിക്കു ശേഷമാണെന്നുള്ള കാഴ്ചപാടുകൾക്ക് വലിയ അംഗീകാരം കിട്ടേണ്ടിയിരിക്കുന്നു; ഉണർവ്വുകൾ സംബന്ധിച്ചിടത്തോളം (മറ്റുള്ള ആത്മീക കൃപകളും വരദാനങ്ങളും) ആരാണോ ഇതിനായിട്ട് വളരെ അവരോട് കാത്തിരിക്കുന്നത് അവരുടെ ആഗ്രഹത്തെയാണ് കർത്താവ് ആദരിക്കുന്നത്.

ഇങ്ങനെ പറയുക യാതൊരു യോഗ്യതകളും കൂടാതെ എല്ലാവരേയും വിശുദ്ധീകരിക്കുകയും ആഗ്രഹിക്കുന്നതുപോൽ ആത്മാവിൽ നിറയ്ക്കുകയും ചെയ്യുന്നുവെന്ന്. അവന്റെ പ്രത്യക്ഷതപോൽ ആത്മനിറവിലായിരിക്കാം സംഭവിക്കുന്നത്. ആഗ്രഹിച്ചതുപോൽ ഒരു ആത്മനിറവ് സംഭവിച്ചിരിക്കാം.

നമ്മുടെ കർത്താവ് ഇത് മുൻകൂട്ടി അറിഞ്ഞിട്ട് ഇങ്ങനെ പറഞ്ഞു. നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ. അവർക്ക് തൃപ്തി വരും (മത്താ. 5:6). വിശപ്പും, ദാഹവും ശാരീരികമായ അനുഭവങ്ങളും അതിന് തനതായ വേദനകളും ഉണ്ട്. ഇത് മിക്കവാറും ഒരു വലിയ ദൈവീക പ്രവർത്തിയുടെ വരവിനുവേണ്ടിയുള്ള ഒരു കൂട്ടം ജനത്തിന്റെ വലിയ ആവശ്യബോധത്തിന്റെ ഫലമായിരിക്കാം ഇവിടെ സംഭവിക്കുന്നത്. ഇവിടെ നിറവിനെ നമ്മുടെ ഇഷ്ടത്തിനു അനുസരിച്ച് നല്കുന്നു. അവിടുന്ന് ആഗ്രഹിക്കുന്ന അളവിൽ നമ്മിൽ നിറവ് നല്കുന്നു എന്നതാണ്.

കേവലം ക്രിസ്ത്യാനികൾക്ക് വളരെ തണുപ്പൻ രീതിയുള്ളവരാണ്. അവരുടെ ഉള്ളിൽ ഒരു വിശപ്പ് തോന്നിയിട്ടില്ല. അവർ ഉള്ളതുകൊണ്ട് സന്തോഷിച്ച് ജീവിക്കുന്നവരാണ്. അവർക്ക് ആത്മാവിന്റെ ഒരു നിവൃത്തീകരണത്തിനു വേണ്ടിയുള്ള ഒരു വിശുദ്ധ ആഗ്രഹവും ഉള്ളവരല്ല.

മിക്കവാറും ചില പ്രീയപ്പെട്ടവർ, അവർ അവരുടെതായ പരിമിതമായ സാഹചര്യത്തിൽ ആത്മീകമായ ഒരു സംതൃപ്തി നേടിയെടുക്കുന്നതിൽ പരാജയപ്പെടുകയും (ആത്മിക സംതൃപ്തി ലഭിക്കാതെയും) ചെയ്യുമ്പോൾ നിലവിലുള്ള ചുറ്റുമതിൽ പൊളിച്ച് പുറത്തു വരികയും വലിയ തീക്ഷ്ണതയോടെ ദൈവരാജ്യത്തിനായിട്ട് കാത്തിരിക്കുകയും ആത്മീക ഉണർവ്വും / പ്രകാശം ലഭിക്കുകയും ചെയ്യുന്നു. ഇവരൊന്നും പതിവായിട്ടു നടക്കുന്ന സാധാരണ ഗതിയിലുള്ള ആത്മിക പോഷണം കൊണ്ട് തൃപ്തരാകുന്നില്ല ഇവരുടെ ആത്മിക വളർച്ച ലളിതമായ ആത്മിക പോഷണം മതിയാകുന്നില്ല. ദൃഢമായ പോഷണം ആവശ്യമാണ്.

ചിലപ്പോൾ അവന്റെ നേട്ടങ്ങളും / സമ്പാദ്യങ്ങളുമെല്ലാം തന്നെ ദൈവസന്നിധിയിൽ നിന്നു മാറ്റിയേക്കുകയും ചില തടസ്സങ്ങൾ ആയി തീർന്നേക്കാം. ക്രിസ്ത്യാനികൾ ഇവനെ കണ്ടിട്ട് അവരുടെ തലകുലുക്കിയേക്കാം, എന്നാൽ ആ കുരുടനായ വ്യക്തിയെപ്പോൽ മറ്റുള്ള യാതൊന്നും ശ്രദ്ധിക്കാതെ യേശുവിനെ ആത്മാർത്ഥമായിട്ട് വിളിക്കുന്നുവെങ്കിൽ മിണ്ടാതിരിക്കാൻ പലരും അവനെ ശാസിച്ചിട്ടും; “ ദാവീദ് പുത്രാ എന്നോട് കരുണ തോന്നേണമേ എന്നു അവൻ ഏറ്റവും അധികം നില വിളിച്ചു പറഞ്ഞു ” (മർ. 10:48). അവൻ സാഹചര്യങ്ങളെ കുറിച്ച് ചിന്തിച്ചില്ല, തടസ്സങ്ങൾ പ്രാർത്ഥനയ്ക്ക് വരുമെന്നു ചിന്തിച്ചാൽ പിന്നീടുള്ള സമയങ്ങളിൽ പ്രാർത്ഥിക്കുവാൻ തയ്യാറാകാം.

രാത്രിയിൽ പ്രാർത്ഥനയ്ക്കു സമയം കിട്ടുന്നില്ലെങ്കിൽ അവൻ സൗകര്യമായ സമയത്തെ തെരഞ്ഞെടുത്ത് കർത്താവിന്റെ സന്നിധിയിൽ വരുന്നു. അവനെ സംബന്ധിച്ചിടത്തോളം ഉണർവ്വുകൾ അർദ്ധരാത്രിക്കു ശേഷം വരുന്നു.

പ്രധാനപ്പെട്ട കാര്യമാണ് നന്മകൾ ചിന്തിക്കുന്നതുപോൽ നീണ്ട പ്രാർത്ഥനകൾ വിടുതലുകൾ ലഭിക്കും. ചിലപ്പോൾ കണ്ണുനീരോട് അലറികരഞ്ഞ് പ്രാർത്ഥിക്കുന്നത് അത്ര വിലയേറിയതായിട്ട് തീരുന്നില്ലെന്ന്. എന്നാൽ ഒരു ഉറവിൽ നിന്ന് വരുന്നതു പോൽ ദൈവത്തിന്റെ നല്ല ദാനങ്ങളാൽ എല്ലാ പ്രാർത്ഥനകൾക്കും അനുഗ്രഹങ്ങൾക്കും വിടുതലുകളും ലഭിക്കുന്നു.

ചില വേദാദ്ധ്യാപകർ പലപ്പോഴും നല്ലപ്രവർത്തികൾക്കു ലഭിക്കുന്ന പ്രതിഫലങ്ങളെ വളരെ പറഞ്ഞ് പ്രശംസിക്കുകയും, ദൈവത്തിന്റെ ദയയാൽ ലഭിച്ച നന്മയാണെന്ന് പറയുകയും അങ്ങനെ ചിലപ്പോൾ പറഞ്ഞ് അങ്ങെ അറ്റം നിശിതമായി വിമർശിക്കുകയും ചില പാപങ്ങളുടെ മോചനമായിട്ടു ചിത്രീകരിക്കുകയും ചെയ്യുന്നു. ഏറ്റവും വിശുദ്ധനായ അപ്പോസ്തലന് ഒരിക്കലും പറയുവാൻ കഴിയുകയില്ല. ദൈവത്തെ സേവിച്ചതുകൊണ്ട് യാതൊരു നന്മയും ഇല്ലെന്ന്. വളരെ ശക്തനായ ദൂതൻ നിലനിൽക്കുന്നത് കർത്താവിന്റെ നന്മയാലാണ്. എല്ലാ കാര്യങ്ങളും പരമാധികാരിയായ ദൈവത്തിന്റെ ദാനമാണ്.

ദൈവം നമ്മുടെ എല്ലാ ആഗ്രഹിത്തിലും പ്രവർത്തിക്കാതെ അന്ത്യമായിട്ട് എല്ലാം ഒരുമിച്ച് ഒന്നിലേയ്ക്കു വരുമ്പോൾ അവിടെ കർത്താവ് പ്രവർത്തിക്കുന്നു. നാം നമ്മുടെ ഇഷ്ടംപോലെ എല്ലാം ആഗ്രഹിക്കുകയും ജഡികമായ നമ്മുടെ ചിന്തകളിൽകൂടി പോകുകയും ഭോഗേച്ഛകളെ കൂട്ടുകയും ചെയ്തുപോകമ്പോഴല്ല ദൈവം പ്രവർത്തിക്കുന്നത്, നേരെ മറിച്ച് നമ്മുടെ പാപ സ്വഭാവങ്ങളെ ഉപേക്ഷിച്ച് ദൈവഹിതപ്രകാരം ജീവിതം ക്രമീകരിക്കുവാൻ നാം തയ്യാറാകുമ്പോഴാണ് കർത്താവ് നമുക്ക് പുതുജീവൻ നല്കുകയും അവിടുത്തെ ആത്മാവിനാൽ നിറയ്ക്കുകയും ചെയ്യുന്നത്.

വളരെ എളുപ്പമാണ് വ്യക്തിഗത ഉണർവ്വിന്റെയും വിജയകരമായ ജീവിതത്തിന്റെയും ഉപദേശങ്ങൾ പഠിക്കുവാൻ.

( ശേഷം ൮-ാം പേജിൽ)

(2-ാംപേജിന്റെ തുടർച്ച)

## ചൈന, ഇറാൻ, ഇൻഡ്യ – ദൈവപ്രവർത്തിയുടെ റിപ്പോർട്ട്

എന്റെ സംസ്ഥാനമായ പഞ്ചാബിന്റെയും ദൈവത്തിനു നന്ദി.

**സാമി ടിപ്പിറ്റ്:** ആമേൻ. ഈ മൂന്ന് രാജ്യങ്ങളിൽ കൂടി നമ്മൾ സംസാരിച്ചത് 40 % ത്തോളം ലോക ജനസംഖ്യയാണ്.

നിങ്ങൾ എല്ലാവരും പീഡനത്തിന്റെ കാര്യം പറഞ്ഞും ഞാൻ ചോദിക്കട്ടെ! പീഡനവും ഉണർവ്വും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു. വേഗത്തിൽ വളരുന്ന ലോകത്തിലെ കർത്താവിന്റെ സഭകൾ പീഡനത്തിന്റെ മദ്ധ്യേയാണ്. ഇവിടെ ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിരിക്കുന്നുവോ? മൈക്ക് താങ്കൾ പറഞ്ഞാലും ഇറാനിൽ പീഢനവും ഉണർവ്വും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു. അവിടത്തെ ജനങ്ങളിൽ **മൈക്ക് അൻസാരി** തീർച്ചയായിട്ടും ഞങ്ങൾക്ക് ആ കാര്യം വ്യക്തമാണ്. പീഢനം വർദ്ധിക്കുമ്പോൾ കുലപാതകങ്ങൾ പെരുകുമ്പോൾ, റെയ്ഡ് സംഭവിക്കുമ്പോൾ അറസ്റ്റ് രേഖപ്പെടുത്തുമ്പോൾ ഞങ്ങൾ വിളിക്കുന്ന എം.ബി.ബി.എസ്. (മുസ്ലിം സമുദായത്തിൽ നിന്ന് രക്ഷിക്കപ്പെട്ട് ക്രിസ്തീയ വിശ്വാസത്തിലേ ക്കു വന്നവർ, പെട്ടെന്ന് സ്പോടനാത്മകമായ നിലയിൽ സഭ ഉണരുന്നു, അണ്ടർ ഗ്രൗണ്ട് സഭകളും വളരുന്നു. പിഡനത്തിന്റെ ദൈവശാസ്ത്രം എന്നത് വചനപരവും ആണ്. വ്യക്തവും മനസ്സിലാക്കുവാൻ കഴിയുന്നതുമാണ് മൂന്ന് ഭാഗങ്ങളിൽ കൂടി. ജനം മുഴുവൻ ഇത് മനസ്സിലാക്കുകയും അതിനോട് യോജിക്കുകയും ചെയ്യുന്നു. പടിഞ്ഞാറൻ ഭാഗത്തെ സഭയ്ക്ക് ഇതു ഇത്രമാത്രം മനസ്സിലായില്ലായെങ്കിലും ഈ മൂന്നു ഭൂവിഭാഗങ്ങളിൽ കാണുന്നത്, പ്രത്യേകിച്ച് ഞാൻ പ്രവർത്തിക്കുന്ന ഇടങ്ങളിൽ അത്ഭുതകരമായ വളർച്ചയാണ് പീഢനത്തിന്റെ മദ്ധ്യയും സഭയ്ക്കുള്ളത്.

പെട്ടെന്ന് ഒരു ഉദാഹരണം പറയട്ടെ. 19 വയസ്സുള്ള കുർദീഷ് എന്ന ഒരു ചെറുപ്പക്കാരൻ. കുർദിഷ് മലയുടെ മുകളിൽ നിന്ന് ഞങ്ങളെ ഫോണിൽ വിളിച്ചിട്ട് യേശുക്രിസ്തുവിനെ കുറിച്ച് അറിയണമെന്ന് താല്പര്യം കാണിച്ചു. യേശുവിനെകുറിച്ചു അവനോട് പറഞ്ഞു. അവന് അക്ഷരവിദ്യാഭ്യാസം ഇല്ലായിരുന്നു. അതുകൊണ്ട് എല്ലാ ദിവസവും അവനെ വിളിയ്ക്കും 6 മാസത്തോളം ബൈബിൾ അവനു വേണ്ടി ഞങ്ങൾ വായിക്കുകയും അതു അവൻ ഫോണിൽ റിക്കോർഡായിട്ട് സൂക്ഷിച്ചു വെക്കുകയും ചെയ്തു. അവൻ ടൗണിൽ ചെന്ന് അവരോടു യേശുവിനെ കുറിച്ചു പറഞ്ഞു. ഞങ്ങൾ അവനെ വിലക്കി. അവരോട് യേശുവിനെ കുറിച്ച് പറയരുതെന്ന്. നിനക്ക് ഇത് സാധ്യമല്ല. നിന്നെ പ്രശ്നത്തിലാക്കുവാൻ ങ്ങൾ ആഗ്രഹിക്കുന്നില്ല പക്ഷേ അവൻ പറഞ്ഞത് നോക്കൂ യേശു പറയുന്നതെല്ലാം വ്യത്യസ്തമാണ്. എന്റെ ടൗണിലെ ജനങ്ങൾ ഇത് ശ്രവിക്കുന്നത് വളരെ അത്ഭുതമാണ്. ഞങ്ങൾ അവന്റെ ഫോണിൽ ബന്ധപ്പെട്ടു. സംഭാഷണങ്ങൾ റെക്കോർഡ് ചെയ്തു. അവന്റെ വീട് റെയ്ഡ് ചെയ്തു. അധികാരികൾ അവനെ ശകാരിച്ച് ക്രൂരമായി മർദ്ദിച്ചു. അപ്പോൾ റെക്കാർഡിംഗ് നടത്തികൊണ്ടിരിക്കുകയായിരുന്നു. അധികാരികൾ ഇത് ശ്രദ്ധിച്ചില്ല. 20 മിനിറ്റു ശേഷം അവൻ പറയുകയാണ് ഇത് നിങ്ങളുടെ തെറ്റാണ്, അവനെ പോലെയുള്ള ഒരുവനോട് യേശുവിനെ കുറിച്ചു പറഞ്ഞതു അവന്റെ അടിയിലേക്ക് ചാകാൻ പോകുകയാണ്.

ആറ് ഏഴ് മാസങ്ങൾ പെട്ടെന്ന് പോയി. ഞങ്ങൾക്ക് ഒരു ഫോൺ സന്ദേശം വന്നു. ഫോണിൽ കൂടി സംസാരിച്ചത് ആ 19 വയസ്സകാരൻ സഹോദരനായിരുന്നു. അവൻ ഇങ്ങനെ തുടർന്ന് അധികാരികൾ ഇന്ന് അവനെ വധിച്ചു. ഞങ്ങൾ അവന്റെ ശരീരം വാങ്ങാനായിട്ട് പോകുകയാണ്. അവന്റെ വീട്ടിൽ 30-40 ഗ്രാമത്തിലെ ലീഡേഴ്സ് ഉണ്ട്. ഞങ്ങൾക്ക് യേശുവിനെക്കുറിച്ച് കൂടുതൽ അറിയണം. യേശുവിനെ ഞങ്ങൾ രക്ഷിതവായി സ്വീകരിക്കുകയാണ്. ഉടനെ ഫോൺ ശ്രദ്ധിച്ചുകൊണ്ടിരുന്ന ഞങ്ങളുടെ സഹോദരങ്ങൾ അവർക്കു വേണ്ടി ഫോണിൽ കൂടി പ്രാർത്ഥിക്കുക.യും ചെയ്തു. ഒരു കാര്യം ശരിയാണ് പീഢനത്തിന്റെ ഇടയിൽ സഭയെ ദൈവം വളർത്തുന്നു.

**സാമി ടിപീറ്റ്:** ആമേൻ, ആമേൻ ബോബ് , ചൈനയിൽ എങ്ങനെ പീഢനം ഉണർവിനോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു. ദൈവാത്മാവിന്റെ പ്രവർത്തനം?

**ബോബ് ഫു:** അതെ, സഹോദരൻ മൈക്ക് പറഞ്ഞതു പോൽ പീഢനവും ഉണർവ്വും തമ്മിൽ വളരെ ആഗതമായി ബന്ധപ്പെട്ടിരിക്കുകയാണ്. സഭയുടെ വളർച്ചയിൽ . ഞാൻ പതിവായിട്ട് പഠിപ്പിച്ച് കൊണ്ടിരിക്കുകയാണ്. ക്രിസ്ത്രീയ അപ്പോസ്തലനെ കുറിച്ചു സഭയിൽ. എങ്ങനെയാണ് ചരിത്രത്തിൽ സഭ പിതാക്കന്മാർ / സഭ പീഢന കാലഘട്ടത്തിൽ വിശ്വാസത്തിനുവേണ്ടി നിലനിന്നതു പ്രതികരിച്ചതു, അതിജീവിച്ചതും, സഭ വളർന്നതും മുതലായവ. പൗലൊസ് 2 തിമൊ. 3:12 പറയുന്നതുപോൽ “ എന്നാൽ ക്രിസ്തയേശുവിൽ ഭക്തിയോടു ജീവിക്കുവാൻ മനസ്സുള്ളവർക്ക് എല്ലാം ഉപദ്രവം ഉണ്ടാകും. പീഢനം പ്രതീക്ഷച്ചതാണ്. ഇത് ഒരു നിയമമാണ്. ഇവിടെ കാര്യം ഇപ്പോൾ എങ്ങനെയാണ് നമ്മൾ ഇതിനോട് പ്രതികരിക്കുന്നത് - വളർച്ച / മുരടിപ്പ്. എല്ലാ പീഢകളും സഭയുടെ വളർച്ചയെ നശിപ്പിച്ചുവെന്ന് ചിന്തിക്കരുത്. നേരത്തെയുള്ള സോവിയറ്റ് യൂണിയൻ, അൽബേനിയൻ ഇവിടെയൊന്നു നാം അനുഭവിച്ചതുപോലെ അല്ലായിരുന്നു. അതുകൊണ്ട്, ചിന്തിക്കേണം എങ്ങനെയാണ് സഭ ഇവിടെ പ്രതികരിച്ചതെന്ന്.

ചൈനയുടെ കാര്യം വിശദീകരിച്ചപ്പോൾ എനിക്ക് മനസ്സിലായി പീഢനം പെരുകുമ്പോൾ സഭ കർത്താവിന്റെ പരമാധികാരത്തെ അംഗീകരിക്കുന്നുവെങ്കിൽ - ചൈനയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയെയോ/ ഗവൺമെന്റിനെയോ/സ്ഥാപനങ്ങളെയൊ/അധികാരികളെയോ/ജയിലിനെയോ അല്ല. ക്രിസ്തുവിനെ ഉയർത്തുന്നുവെങ്കിൽ ഞങ്ങൾ പറയുന്നു ജയിലുകൾ ആരാധന സുലഭമായി മാറും. ഇതിനെ ഞങ്ങൾ ജയിൽ ദൈവശാസ്ത്രമെന്നാണ് പറയുന്നത്.

2 മാസം ഞാനും ജയിലിലായിരുന്നു. 2-10 മാസത്തിന്റെ അവസാനം എന്റെ ജയിലിലെ സെല്ലു, മറ്റുള്ള സെല്ലുകളും ഒരു ആരാധന ആലയമായി മാറികഴിഞ്ഞിരുന്നു. രാവിലെ എല്ലാവരും എന്റെ അടുക്കൽ വരും. ഞങ്ങൾ ദൈവത്തെ പാടിസ്തുതിക്കുവാൻ തുടങ്ങി.

2021-ന്റെ ആരംഭത്തിൽ ഏദൻ പ്രവിശ്യയിൽ നിന്നുള്ള എന്റെ സഹോദരൻ പൊതുസ്ഥലത്തു വച്ച് പുതുവർഷം ആഘോഷിക്കുകയും ദൈവവചനം ശുശ്രൂഷിക്കുകയും ചെയ്തപ്പോൾ അധികാരികൾ അറസ്റ്റു രേഖപ്പടുത്തുകയും 10 ദിവസം സെല്ലിൽ അടക്കുകയും ചെയ്തു. പുറത്തു ഇറങ്ങിയപ്പോൾ വളരെ സന്തോഷ

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

## ചൈന, ഇറാൻ, ഇൻഡ്യ – ദൈവപ്രവർത്തിയുടെ റിപ്പോർട്ട്

ത്തോടെയാണ് കണ്ടത്. 10 ദവസങ്ങൾ ജയിൽ അധികാരികളോടും ഉദ്യോഗസന്ഥന്മാരോടുമെല്ലാം സുവിശേഷം പറയുകയും ജനുവരി മാസത്തെ അദ്ദേഹത്തിന്റെ ജയിലിലെ പ്രസംഗ പീഠമാക്കുകയും ചെയ്തു. ജയിലിൽ ധാരാളം ഉദ്യോഗസ്ഥന്മാരും മറ്റു സുവിശേഷം ശ്രവിച്ച് കർത്താവിന്റെ സഭയിലേക്ക് വരു. ഇങ്ങനെയാണ് ഉണർവ്വ് ആരംഭിക്കുന്നത്.

**സ്വാമീ ടിപ്പിറ്റ്:** ആമേൻ എത്ര നല്ല കാര്യം. ഇത് പീഢനമല്ല. പീഢനത്തോട് എങ്ങനെ നിങ്ങൾ പ്രതികരിക്കുന്നതെന്നാണ്. ജോളി നിങ്ങളോട് ഞാൻ വീണ്ടും സംസാരിക്കുകയാണല്ലോ. അമേരിക്കയിൽ നടക്കുന്നതിലും ചലനാത്മകമായിട്ട് ഇൻഡ്യയിലാണ് ശിഷ്യത്വം നടക്കുന്നത്. ഇതിന്റെ ഒരു കാരണം ശിഷ്യന്മാരോടുള്ള വിളി ആയിരിക്കാം. യേശു പറഞ്ഞതുപോലെ "ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെ ത്താൻ ത്യജിച്ചു , തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ " (മത്താ. 16:24). യേശുവിനെ അനുഗമിക്കുന്നത് അതു വിലകൊടുത്താണ്. നിങ്ങളുടെ വ്യക്തിയുടെ ജീവിതത്തിൽ യേശുവിന്റെ പിൻഗാമിയായി തീർന്നത് വിലകൊടുത്തിട്ടാണ്. വിലകൊടുത്തു യേശുവിനെ അനുഗമിക്കുന്നതിൽ ഈ ഉണർവ്വ് നിങ്ങൾ എങ്ങനെ വീക്ഷിക്കുന്നത്.

**ജോളി സിത്തു :** ഞാൻ കർത്താവിനെ രക്ഷകനായിട്ട് സ്വീകരിച്ച് അവനെ പിൻഗമിച്ചപ്പോൾ വിലകൊടുക്കുവാൻ തീരുമാനിച്ചത് ക്രിസ്ത്യാനികളെ ഇൻഡ്യയിൽ മൂന്നാം തരം ജനതയായിട്ടാണ്. ഇവിടത്തുകാർ ചിന്തിച്ചിരുന്നത് പാവപ്പെട്ട മനുഷ്യർ പണക്കാരായി തീരുവാനാണ് ക്രിസ്ത്യാനി ആയി മാറുന്നതെന്നാണ്. മറ്റുള്ളവർ ഞങ്ങളെ പലതരത്തൽ കുറ്റപ്പെടുത്തി. അന്യവിഭാഗങ്ങളിൽ നിന്നു ക്രിസ്ത്യാനി ആയി മാറുന്നതെന്നാണ്. മറ്റുള്ളവർ ഞങ്ങളെ പലതരത്തിൽ കുറ്റപ്പെടുത്തി. അന്യവിഭാഗങ്ങലിൽ നിന്നു ക്രിസ്തീയ മാർഗ്ഗത്തിലേയ്ക്കു ആരെങ്കിലും വരുമ്പോൾ, ആർ വിലകൊടുത്താണ് മുമ്പോട്ടു വന്നത്. ഞങ്ങളെ സഭയെ ബോധവൽക്കരിച്ചാണ് നടത്തികൊണ്ടിരിക്കുന്നത്. വിശ്വാസികളെ അവരുടെ ഭവനങ്ങളിൽ നിന്നു പുറത്താക്കിയേക്കു. ബന്ധുക്കളും കുടുംബങ്ങളും അവരെ ഒറ്റപ്പെടുത്തുകയും എന്നാൽ കർത്താവിന്റെ ആമാസ്മരിക സ്നേഹത്താൽ ഇവരെല്ലാം പിടിക്കപ്പെടുകയും കർത്താവിന്റെ ശിഷ്യന്മാരാകുകയും ശിഷ്യത്വം അനുഭവിക്കുകയും ചെയ്യുന്നു.

പടിഞ്ഞാറൻ ഭാഗങ്ങളിൽ ശിഷ്യത്വം ഒരു 7-10 അദ്ധ്യായങ്ങളുള്ള ഒരു പാഠപുസ്തക രൂപത്തിലുള്ളതു അങ്ങനെ പരിശീലനം നടത്തുകയും ചെയ്യുന്നു. ഞങ്ങൾക്ക് ഇവിടെയാണെങ്കിൽ ശിഷ്യത്വം എന്നാൽ അതു മുഴുജീവിത അവസാനത്തോളം നീണ്ടു നില്ക്കുന്നതുമാണ്. ബോബ് ജയിലിൽ കിടന്നപ്പോൾ ജനത്തെ ശിഷ്യത്വത്തിൽ കൂടി നടത്തുകയാണ് ചെയ്തത്. അതുപോലെ എന്റെ അനുഭവം ഞങ്ങളുടെ സഭയ്ക്ക് അറിയാം എന്റെ അമ്മയുടെ ശവസംസ്കാര ചടങ്ങിന് എന്നെ ഉൾപ്പെടുത്തിയില്ല. പ്രിയപ്പെട്ടവരുടെ വിവാഹം/ മറ്റുള്ള കൂട്ടങ്ങളിലും എന്നെ ഒഴിവാക്കിയിരുന്നു. ഇത് മുഴുജീവത പ്രവൃത്തിയാണ്. ശിഷ്യത്വം എന്നാൽ ജീവിക്കേണ്ട ജീവിതമാണ്. ഒരുവൻ സഭയിലുള്ള മറ്റു അംഗങ്ങളുടെ മുൻപിൽ ജീവിച്ച് കാണിക്കേണ്ട മാതൃകയാണിത്. ഇതാണ് സംഭവിച്ച് കൊണ്ടിരിക്കുന്നത്. പാസ്റ്ററിന്റെയും/ മൂപ്പന്റെയും / അദ്ധ്യക്ഷന്റെയും എല്ലാം ജീവിതം മറ്റുള്ളവർക്ക് മാതൃകയാകുകയും അവരും ഇതെ പാത പിൻതുടരുകയും ചെയ്യുന്നു. പൗലൊസ് പറയുന്നതുപോലെ "ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ " (1കൊരി. 16:1). ശിഷ്യത്വം എന്നാൽ ജീവിച്ചിരുന്ന ഒരാളെ വെറുതെ അനുകരിക്കുകയെന്നല്ല. അനേക സാക്ഷികൾ നില്ക്കുന്നു, ഇത് നമുക്ക് ഒരു പ്രചോദനവും കിരീടം നേടുവാനും സഹായിക്കും.

**സ്വാമി ടിഫിറ്റ്:** ആമേൻ ആമേൻ നാം ഈ കാര്യങ്ങൾ എല്ലാം ശ്രവിച്ചുകൊണ്ടിരിക്കുമ്പോൾ മറ്റുള്ള രാജ്യങ്ങളിലും എന്താണ് നടക്കുന്നതെന്ന് അറിയാം.

**ബോബ് ഫു.** പീഢനം എന്നാൽ ഏറ്റവും കുറഞ്ഞ തരം താണ വേർതിരിവാണ് – നമ്മുടെ വിശ്വാസത്തെ ആശ്രയിച്ച് ഉള്ളത്. പീഢനത്തിൽ കൂടിപോയ ചൈനയുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഞാൻ പറയുകയാണ് ഉറപ്പോടെ നില്ക്കാം. സകലത്തിന്റെ മീതെ കർത്താവിന്റെ പരമാധികാരം നമ്മൾക്ക് സ്വീകരിക്കാം. രാഷ്ട്രീയവും രാഷ്ട്രഗതികളും ഏതു നിലയിൽ മാറിയാലും കർത്താവിനെ ബഹുമാനിക്കാം. നാം നിരാശപ്പെടേണ്ടി വരികയില്ല. നിങ്ങളുടെ പീഢനങ്ങളിലും ഏറ്റവും നീചമായ തരംതാഴ്ത്തലുകളിന്റെ മദ്ധ്യത്തിൽ യേശുവിന്റെ പക്കൽ നിന്നുള്ള വലിയ സ്നേഹവും കരുതലും ആശ്വാസവും അനുഭവിക്കുവാൻ കർത്താവ് കൃപ ഏകും.

**മൈക്ക് അൻസാരി:** ഇറാനെ സംബന്ധിച്ചിടത്തോളം ബൈബിളിലെ അനേകം കാര്യങ്ങൾ ഉണ്ട്. ദൗർഭാഗ്യവശാൽ ഇവിടെ ബൈബിൾ നിയമം അംഗീകരിക്കുന്നില്ലയ എന്നിരുന്നാലും ഇവിടുത്തെ കൂട്ടായ്മകൾ ഓരോ സമയം കഴിയുന്തോറും വളർന്ന് വിശാലപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇറാൻ മുസ്ലീം മത വിഭാഗത്തിൽ നിന്ന് വിശ്വാസത്തിലേയ്ക്കു വന്നവർക്ക് ഒരു തീക്ഷണതയും വാഞ്ഛയുമാണ് ദൈവചനത്തോട്. ഇരാനിൽ ദൈവവചനം ലഭ്യമല്ല. കിട്ടുന്നവർ അത് എഴുതി എടുക്കും. മറ്റുള്ളവർ അത് കോപ്പി ചെയ്യും. അവർ മറ്റുള്ളവരെയും വിളിച്ച് സാമൂഹ്യമാധ്യമങ്ങളിൽ കൂടിയും / വാട്സ് ആപ്പിൽ കൂടിയും ഷെയർ ചെയ്യുകയം പഠിക്കുകയും ചെയ്യുന്നു. ജീവന്റെ അപ്പത്തിനുവേണ്ടിയുള്ള ഒരു പരസ്പര ആശ്രയത്വമാണുള്ളത്. ദൈവ വചനം നമുക്ക് പ്രോത്സാഹനവും ധൈര്യവുമാണ്. ദൈവ പാദപീഠത്തിങ്കലുള്ള ധ്യാനങ്ങൾ വളരെ അനുഗ്രഹകരമാണ്. ജീവ മന്നയായ ദൈവവചനത്താൽ നാം പരിപോഷിക്കപ്പെടേണം.

ദൈവവചനത്തിന്റെ ലഭ്യതയ്ക്കായിട്ട് പ്രാർത്ഥക്കുക. ആ ഭാഗങ്ങളിൽ ശുശ്രൂഷിക്കുന്ന ഞങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക. ഒരു വലിയ ശുശ്രൂഷ നടക്കുവാൻ നമ്മുടെ കർത്താവിന്റെ നന്മകളാലും വാഗ്ദത്തങ്ങളും കൂടെ ഇരിക്കേണ്ടതിനു വേണ്ടിയും പ്രാർത്ഥിക്കുക.

**ജോളി സിത്തു :** പടിഞ്ഞാറൻ സഭകൾ ഞങ്ങളുടെ സഭകളിൽ നിന്നു പഠിക്കുവാനുള്ളത് ഇവിടുത്തെ അതിയായ ആഗ്രഹവും, പ്രാർത്ഥനകളും പ്രാർത്ഥനയുടെ ശക്തിയുമാണ്. ഞാൻ ചിന്തിക്കുന്നത് ഇത് സാധ്യമാകുന്നത് കേവലം ക്രിസ്ത്യാനിത്വം കൊണ്ടല്ല, മറിച്ച് കൊമ്പ് / ശാഖ മുന്തിരി ചെടിയിൽ വസിക്കുന്നതുപോലെ യേശുവിൽ വസിച്ച് കൂടുതൽ സമയം പ്രാർത്ഥന

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

## ചൈന, ഇറാൻ, ഇൻഡ്യ - ദൈവപ്രവർത്തിയുടെ റിപ്പോർട്ട്

യിൽ കൂടി മാത്രമേ കഴിയുകയുള്ളൂ. കേവലം രോഗികൾക്കു വേണ്ടിയുള്ള പ്രാർത്ഥനയോ/ ആരാധനയിലെ പ്രാർത്ഥനകളോ അല്ല വേണ്ടത് ഒരു വലിയ ഉണർവ്വ് നടക്കുവാൻ, ഒരു വലിയ രൂപാന്തരം നടക്കുവാൻ നമ്മുടെ സമൂഹത്തിൽ ഞാൻ വിശ്വസിക്കുന്നു. ദൈവം ഒരു വലിയ ഉണർവ്വ് അയക്കാൻ പോകുകയാണ്. ഞങ്ങൾക്ക് വേണ്ടിയും പ്രാർത്ഥിക്കുക. ഇൻഡ്യയിൽ ഒരു വലിയ ഉണർവ്വ് കൊണ്ടുവരും.

**സാമി ടിഫിറ്റ്:** ആമേൻ എല്ലാവർക്കും നന്ദി സഹോദരങ്ങളെ, പ്രാർത്ഥിച്ച് അവസാനിപ്പിക്കാം. ലോകരാജ്യങ്ങളിൽ കർത്താവ് ഒരു വലിയ ഉണർവ്വിനെ അയക്കാൻ വേണ്ടി പ്രാർത്ഥിക്കാം. ❖

(3-ാംപേജിന്റെ തുടർച്ച)

## ആത്മാക്കളെ നേടുന്നവരും അവരുടെ പ്രാർത്ഥനയും

ചെല്ലുന്നടെത്തല്ലാം ശക്തമായ ഉണർവ്വ് സംഭവിക്കുകയും ചെയ്തു.

യേശു പറഞ്ഞു “ മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കേണം ” (ലൂക്കോ. 18:1), പൗലൊസ് പറയുന്നത് ഇടവിടാതെ പ്രാർത്ഥിപ്പിൻ (1തെസ്സ. 5:17).

വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ സംഭവിക്കും. അവർക്ക് ഒരു സിറ്റി/ ദേശത്തെ ദൈവത്തിങ്കലേയ്ക്കു നയിക്കുവാൻ കഴിയും. കർമ്മേൽ മലയിൽ ഏലിയാവ് ചെയ്തത്. പിന്മാറ്റക്കാരായ യിസ്രായേലിനുവേണ്ടി മോശെ ചെയ്തത്. ബാബിലോണിൽ ദാനിയേൽ ചെയ്തത്. ഇതുപോൽ ഒരു കൂട്ടം ജനങ്ങൾ പ്രാർത്ഥിക്കുന്നുവെങ്കിൽ, ഒരു വലിയ വിജയം തന്നെ ഉണ്ടാകും. ദൈവം തന്നോട് കൂടുതൽ അടുക്കുന്ന ജനത്തിന്റെ ഹൃദയങ്ങളെ അറിഞ്ഞിട്ട് ഒരു പിതാവ് മക്കൾക്ക് അപ്പം നല്കുന്നതുപോൽ തന്റെ ജനത്തിനായിട്ട് കരുതുന്നു.

“ അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായിത്തിനുള്ള കൃപപ്രാപിക്കുവാനായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക. ” (എബ്രാ. 4:16). ❖

(4-ാംപേജിന്റെ തുടർച്ച)

## അസാധാരണമായ ഏകീകൃത പ്രാർത്ഥന

തർ, അല്ലാത്തവർ ഞാൻ ഒരു ക്രമീകരണം പ്രാർത്ഥനയ്ക്കായി ഒരുക്കുകയാണ്. ഇതുവരെയും പ്രാർത്ഥിക്കാത്ത ഒരു വലിയ പ്രാർത്ഥനയുടെ നിലവാരത്തിലേയ്ക്കു പ്രാർ ത്ഥനയുടെ ഒരു ഏകീകരണം.

ജോനാഥാൻ എഡ്വേർഡ് പറഞ്ഞത് എന്റെ ഒരു എളിയ പ്രയത്നം എന്ന നിലയിൽ ദൈവമക്കളെ നിങ്ങൾ ഒരുമിച്ച് പ്രാർത്ഥനയിൽ ശക്തരാകുകയാണെങ്കിൽ ക്രിസ്തീയ വിഭാഗങ്ങളിൽ ഒരു വലിയ ഉണർവ്വ് നടക്കുകയും ഭൂമിയിലെ ദൈവരാജ്യത്തിന്റെ നേട്ടത്തിനു വഴി തുറക്കുകയും ചെയ്യുമെന്നുള്ള കാര്യം വ്യക്തമാണ്. ഒരു അസാധാരണ നിലവാരത്തിലുള്ള പ്രാർത്ഥന. നി ങ്ങൾ ഇപ്പോൾ പ്രാർത്ഥനയിൽ ശക്തരാകുകയാണെങ്കിൽ ക്രിസ്തീയ വിഭാഗങ്ങളിൽ ഒരു വലിയ ഉണർവ്വ് നടക്കുകയും ഭൂമിയിലെ ദൈവരാജ്യത്തിന്റെ നേട്ടത്തിനു വഴി തുറക്കുകയും ചെയ്യുമെന്നുള്ള കാര്യം വ്യക്തമാണ്. ഒരു അസാധാരണ നിലവാരത്തിലുള്ള പ്രാർത്ഥന. നിങ്ങൾ ഇപ്പോൾ പ്രാർത്ഥനയിൽ എന്തൊക്കെയും പ്രാർ ത്ഥിച്ചാലും നിങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ദൈവം നിങ്ങളുടെ പ്രാർത്ഥനയിൽ കൂടുതൽ ഏകീകരണത്തിനായിട്ട് ആവശ്യപ്പെടുകയാണ്.

പിതാവേ, ഞാൻ അവിടത്തോടു പ്രാർത്ഥിക്കുകയാണ്. അങ്ങയുടെ ആത്മാവ് ഈ നിമിഷത്തിൽ പ്രായോഗികമായിട്ട് ഞങ്ങൾ എല്ലാവർക്കു വേണ്ടിയും പ്രാർത്ഥിക്കുകയാണ്. പിതാവേ, ഞങ്ങളെ ഒന്ന് തിരികെ വരുത്തുക, ഒരു ക്രമീകരണം ഞങ്ങൾക്ക് ഉണ്ടാകണംസ ആത്മാവിനെ കെടുത്തികളയാതെ ഞങ്ങൾ അവിടുത്തോടു അപേക്ഷിക്കുകയാണ്. ഞങ്ങളെ ഒന്നു എഴുന്നേൽപിച്ച് ഒരു പുതിയ അസാധാരണമായ പ്രാർത്ഥനയുടെ നിലവാർത്തിലേയ്ക്ക് തുടർമാനമായുള്ള ഒരു പ്രാർത്ഥനയെ പ്രാർത്ഥനയുടെ ഒരു ഒരുമിപ്പിക്കൽ, അങ്ങനെ അവിടുത്തെ ആ മനോഹര രാജ്യം വരികയും അവിടുത്തെ ഹിതം ഭൂമിയിലും സ്വർഗ്ഗത്തിലേതുപോലെ ആകുവാനും യേശുവിന്റെ നാമത്തിൽ ആമേൻ. ❖

(5-ാംപേജിന്റെ തുടർച്ച)

## അർദ്ധരാത്രിക്കു ശേഷമുള്ള ജന്മം

സ്വയം പരിത്യജിച്ച് നമ്മുടെ ക്രൂശ് എടുത്ത് വലരെ പരിശ്രമിക്കുന്നുവെങ്കിൽ ക്രിസ്തീയ ജീവിതത്തിൽ ഉന്നമനം ഉണ്ടാകും. അനേകരെ വിളിച്ചും എന്നാൽ തിരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കമാണ്. എല്ലാവരും വാഗ്ദത്ത നാട്ടിലേക്കു നയിക്കപ്പെടുമോ എന്നാൽ പലരും യോർദ്ദാന്റെ വശങ്ങളിൽ ഒരു നിമിഷം നിന്നിട്ട് ഒന്നു നോക്കി, എന്നിട്ട് അതിലേയ്ക്കു ഇറങ്ങി, വീണ്ടും പുറകോട്ട് തിരിഞ്ഞ് ആ പഴയ ജീവിതത്തെ നോക്കുകയാണ്.

ഇല്ല ഒരിക്കലും താമസിച്ചുള്ള പ്രാർത്ഥനയ്ക്കു വലിയ സവിശേഷത ഇല്ല, എന്നാൽ ഇവിടെ ആവശ്യമായിരിക്കുന്നത് വളരെ ഗൗരവമുള്ള ഒരു മനോഭാവം, ഉറച്ച ഒരു തീരുമാനം പ്രാർത്ഥനയ്ക്കായിട്ട് സാധാരണ സംഭവങ്ങളെ അസാധാരണ സംഭവങ്ങളായിട്ട് ദൈവത്തിന് മാറ്റുവാൻ വേണ്ടിയുള്ള ഒരു അവസരം ഒരുക്കുകയാണ് നമ്മുടെ സമർപ്പിത പ്രാർത്ഥനയിൽ കൂടി.

### റീസ് ഹോവൽസ്: മദ്ധ്യസ്ഥൻ

രണ്ടാം ലോകമഹായുദ്ധത്തിന്റെ സമയത്ത റീസ് ഹോവൽസ് പറയുകയാണ് - ഇവിടെ നിങ്ങൾ ഒരു അവസരവും ഇടരുത്. നിങ്ങൾ ഇവിടെ ചെയ്യുന്നതിനെക്കാൾ അധികമായിട്ട് ചെറുപ്പക്കാർക്ക് ചെയ്യുവാൻ മുമ്പോട്ട് വിടരുത്. ഇവിടെ അവൻ പറയുന്നത് ക്രിസ്ത്യാനികളുടെ ഉത്തരവാദിത്വം ആത്മീയ യുദ്ധത്തിൽ ശക്തമായ വിശ്വാസത്തിന്റെയും പ്രാർത്ഥനയിൽകൂടെയും ആണ്.

### മിഷണറിയായും കോളേജ് സ്ഥാപകനായും ആദ്യ കാലങ്ങളിൽ

റീസ് ഹോവൽസ് (879 - 1950) ചിരത്രത്തിൽ എടുത്തു പറയത്തക്ക ഒരു പ്രാർത്ഥന മദ്ധ്യസ്ഥനായിരുന്നു. വേൽഷ് റിവൈവിളിന്റെ ഫലമായിട്ട് ഒരു ചെറുപ്പക്കാരനായിരുന്ന കാലത്തെ രക്ഷിക്കപ്പെടുകയും പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ നിറയപ്പെടുകയും ചെയ്തു. ആ സമയം മുതൽ ദൈവം അവന്റെ ജീവിതത്തിൽ ഒരു മദ്ധ്യസ്ഥപ്രാർത്ഥനക്കാരനായിട്ട് ഉയർത്തി. കുറെ വർഷത്തെ കൽക്കരിഖനിയിലെ ജോലിക്കു ശേഷം ദൈവം പ്രാസംഗികനാക്കി വിളിച്ച് വേർതിരിച്ചു. ഓരോ പള്ളികളിൽ പ്രസംഗിച്ചും അനേകം സ്ഥലങ്ങളിൽ മാറി മാറി സഞ്ചരിച്ചും അനേകം ജനങ്ങളെ രക്ഷയിലേക്ക് കൊണ്ടുവന്നു.

(ശേഷം അടുത്ത ലക്കം)

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975